**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **13-02-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ സമുദായാംഗങ്ങളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിട്ട് 'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കി ഒരു ലക്ഷം ന്യൂനപക്ഷ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ ക്ഷേമ വകുപ്പും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി, 'സമന്വയം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതിയുടെ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് തലത്തിലെ ഏകോപനത്തിനായി, വിവിധ ഉദ്യോഗസ്ഥരേയും ജില്ലകളിലെ നോഡൽ ഓഫീസർമാരായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>2024 സെപ്റ്റംബർ 19 ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ വച്ച് നടത്തുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലായി സംഘടിപ്പിക്കപ്പെട്ട 8 രജിസ്ട്രേഷൻ ക്യാമ്പുകളിലായി നാലായിരത്തിലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത് രജിസ്റ്റർചെയ്യുകയുണ്ടായി. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരാണ് ജില്ലാതല പരിപാടികളുടെ കോ-ഓഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ സംഘടനാ പ്രതിനിധികൾ/മതനേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി സംഘാടക സമിതി രൂപീകരിക്കുകയും |

| | | | |
|---|---|---|---|
| | | | അവരുടെ സംഘാടനത്തിൽ 'സമന്വയം' രജിസ്ട്രേഷൻ നടത്തുകയുമാണ് ചെയ്തുവരുന്നത്.<br><br>ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച്, കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി രജിസ്ട്രേഷൻ ക്യാമ്പുകളും തൊഴിൽ ദാന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ / പ്രിൻസിപ്പൽമാരുടെ /മത സംഘടനാ നേതാക്കളുടെ ഒരു ക്ലസ്റ്റർ യോഗം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.01.2025ന് ചേർന്നിട്ടുണ്ട്. |
| (ബി) | യുവജനങ്ങൾക്ക് വൈവിധ്യമാർന്ന തൊഴിൽപാത തെരഞ്ഞെടുക്കുന്നതിന് പദ്ധതി എത്രത്തോളം സഹായകമാണെന്നറിയിക്കുമോ; | (ബി) | നൈപുണ്യ കോഴ്സുകൾ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്ററുകൾ മുഖേനയുള്ള നൈപുണ്യ പരിശീലനം വഴിയും നിരവധി തൊഴിലുകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പദ്ധതി ലക്ഷ്യം. കേരള നോളജ് എക്കോണമി മിഷൻ തൊഴിൽ പ്ലാറ്റ്ഫോമായ DWMS (Digital Workforce Management System) ൽ ഉൾക്കൊള്ളിച്ചിട്ടുള്ള 150 -ഓളം വിവിധ നൈപുണ്യ കോഴ്സുകൾക്ക് ഈ പദ്ധതി വഴി പരിശീലനം ലഭിക്കുന്നതാണ്. ഇത് വഴി സ്വകാര്യ മേഖലയിലെ വൈവിധ്യമാർന്ന തൊഴിലുകൾ തെരഞ്ഞെടുക്കാൻ യുവാക്കൾക്ക് സാധിക്കുന്നു. |
| (സി) | ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സ്വാധീനം ചെലുത്തുമെന്ന് വ്യക്തമാക്കുമോ? | (സി) | അഭ്യസ്ത വിദ്യരായ നിരവധി ആളുകളാണ് തൊഴിൽരഹിതരായി ഉള്ളത്. സമന്വയം പദ്ധതി മുഖേന നൈപുണ്യ കോഴ്സുകളിൽ പങ്കാളിയാവാനും പരിശീലനം ലഭിച്ച വിവിധ തൊഴിലുകളിൽ ഏർപ്പെടാനും സാധിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഒരു ലക്ഷം വരുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ ആളുകൾക്കാണ് തൊഴിൽ ലഭിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിനും പദ്ധതി കാരണമായി തീരുന്നു. |

സെക്ഷൻ ഓഫീസർ